പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 156

08-06-2015 – ൽ മറുപടിയ്ക്ക്

## ട്രോളിംഗ് നിരോധിതകാലയളവിലെ ആനുകൂല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | ട്രോളിംഗ് നിരോധിച്ചിരുന്ന കാലയളവിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കിയിരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ച് വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം നൽകിവരുന്ന 1800/- രൂപ 2015-16 സാമ്പത്തിക വർഷം 2700/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) | തീരദേശത്തെ വറുതി അകറ്റുന്നതിനായി പ്രസ്തുത കാലയളവിൽ എത്ര തുക അനുവദിച്ചെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | ബി) | 2015-16 സാമ്പത്തിക വർഷം 20 ലക്ഷം രൂപ സൗജന്യ റേഷൻ നൽകുന്നതിനും 24 കോടി രൂപ സമ്പാദ്യ സമാശ്വാസ പദ്ധതിയ്ക്കായും വകയിരുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | സൗജന്യ റേഷൻ | സമ്പാദ്യ സമാശ്വാസം |
|---|---|---|---|
| 1 | തിരുവനന്തപുരം | -------- | 36530100 |
| 2 | കൊല്ലം | 100000 | 33579600 |
| 3 | ആലപ്പുഴ | 300000 | 48132900 |
| 4 | എറണാകുളം | 300000 | 26261400 |
| 5 | തൃശ്ശൂർ | 7000 | 7348200 |
| 6 | മലപ്പുറം | 25000 | 16900500 |
| 7 | കോഴിക്കോട് | 100000 | 24237600 |
| 8 | കണ്ണൂർ | 20000 | 5141250 |
| 9 | കാസർഗോഡ് | 10000 | 9520350 |
| | ആകെ | 862000 | 207651900 |

| | | | |
|---|---|---|---|
| സി) | കാലവർഷക്കെടുതികൾ പ്രതിരോധിക്കുന്നതിനായി തീരദേശങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | സി) | കാലവർഷക്കെടുതി നേരിടുന്നതിനായി തീരദേശങ്ങളിൽ താമസിക്കുന്ന വരെ മാറ്റി പാർപ്പിക്കുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ തീരദേശ ജനങ്ങളുടെ സുരക്ഷയ്ക്കായി കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകി വരുന്നു. എല്ലാ മറൈൻ ജില്ലാ കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മെയ് 15-ാം തീയതി മുതൽ തുറന്നു പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ